'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

വയനാട് ജില്ലാ പഞ്ചായത്ത് - 07/07/2018 ലെ സ.ഉ(സാധാ)1870/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തും 2017-18 സാമ്പത്തികവർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങിയ വയനാട് ജില്ലാ പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.3010/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/11/2018**

---

പരാമർശം:- 1 13/03/2018 ലെ സ.ഉ(സാധാ)637/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 17/04/2018 ലെ സ.ഉ(അച്ചടി)66/18/ധന നമ്പർ ഉത്തരവ്

3 07/07/2018 ലെ സ.ഉ(സാധാ)1870/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

4 വയനാട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 27/07/2018 ലെ ഡി.പി.15 -895/05 നമ്പർ കത്ത്

<u>ഉത്തരവ്</u>

വയനാട് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.12.സി.1819 നമ്പർ 2005 മോഡൽ മഹീന്ദ്ര ബൊലേറോ വാഹനം കണ്ടം ചെയ്യുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചതിനുശേഷം തനതുഫണ്ട് വിനിയോഗിച്ച് 10 (പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകിയ പരാമർശം (1) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും വാഹനം വാങ്ങുന്നതിന് പകരം പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മറ്റൊരു വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിർദ്ദേശച്ചും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2017-18 സാമ്പത്തികവർഷം അവസാനിക്കുന്നതിന് ഏതാനും ദിവസങ്ങൾ ബാക്കിയുള്ളതിനാൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കും എന്ന പ്രതീക്ഷയിൽ 10,06,243/- രൂപയ്ക്ക് GEM മുഖേന ജില്ലാ പഞ്ചായത്ത് പുതിയ വാഹനം വാങ്ങിയതായും ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10 (പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള വാഹനമാണ് വാങ്ങിയത് എന്നതിനാലും വയനാട് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.12.സി.1819 നമ്പർ 2005 മോഡൽ മഹീന്ദ്ര

(. . . . 2

ബൊലേറോ വാഹനം കണ്ടം കണ്ടം ചെയ്യുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചതിനുശേഷം തനതുഫണ്ട് വിനിയോഗിച്ച് 10 (പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് പരാമർഷം (1) പ്രകാരം അനുമതി നൽകിയിരുന്ന സാഹചര്യത്തിലും പരാമർശം (3) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യും 2017-18 സാമ്പത്തികവർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് 10,06,243/-(പത്ത് ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) രൂപയ്ക്ക് വാഹനം വാങ്ങിയ വയനാട് ജില്ലാ പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പ്രസിഡന്റ്/സെക്രട്ടറി, വയനാട് ജില്ലാപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHIJU P PAUL
Date: 2018.1[illegible] 1:54:34 IST
Reason: Approved
സെക്ഷൻ ഓഫീസർ